**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ്:- സീനിയർ സിറ്റിസൺസ് ഫ്രണ്ട്സ് വെൽഫെയർ അസോസിയേഷൻ പ്രസിദ്ധപ്പെടുത്തുന്ന ഡയറക്ടറി-ഓരോ തദ്ദേശഭരണ സ്ഥാപനത്തിനും പരമാവധി അഞ്ച് ഡയറക്ടറി വാങ്ങുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

- - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - -

**തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്**

**സ.ഉ.(സാധാ)നം.1739/2009/തസ്വഭവ** **തിരുവനന്തപുരം, തീയതി,14/7/09**

- - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - -

പരാമർശം:-1. ഇടപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ 18-5-09-ലെ സി.306/09 നമ്പർ കത്ത്.
2. ഗ്രാമവികസന കമ്മീഷണറുടെ 27-6-09-ലെ 15482/ഡി.പി.3/09/ സി.ആർ.ഡി. നമ്പർ കത്ത്.

**ഉത്തരവ്**

സീനിയർ സിറ്റിസൺസ് ഫ്രണ്ട്സ് വെൽഫെയർ അസോസിയേഷൻ സംസ്ഥാന കമ്മിറ്റി പ്രസിദ്ധപ്പെടുത്തുന്ന വയോജനങ്ങളുടെയും രക്ഷാകർത്താക്കളുടെയും ക്ഷേമവുമായി ബന്ധപ്പെട്ടുള്ള ഡയറക്ടറി എല്ലാ ജനപ്രതിനിധികൾക്കും സൗജന്യമായി ലഭ്യമാക്കുന്നതിനുള്ള നടപടി കൈക്കൊള്ളുവാൻ പരാമർശം 1 കത്തിലൂടെ ഇടപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി അഭ്യർത്ഥിച്ചിരുന്നു. ഡയറക്ടറിയിൽ ഉപകാരപ്രദങ്ങളായ നിരവധി കാര്യങ്ങൾ ഉൾക്കൊള്ളിച്ചിട്ടുണ്ടെന്നും പ്രത്യേകിച്ച് വയോജനങ്ങൾക്കിത് വളരെ പ്രയോജനപ്രദമായിരിക്കുമെന്നും സെക്രട്ടറി അറിയിച്ചിരിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും സീനിയർ സിറ്റിസൺസ് ഫ്രണ്ട്സ് വെൽഫെയർ അസോസിയേഷൻ സംസ്ഥാന കമ്മിറ്റി പ്രസിദ്ധപ്പെടുത്തിയിരിക്കുന്ന ഡയറക്ടറി ഓരോ തദ്ദേശഭരണസ്ഥാപനത്തിനും പരമാവധി അഞ്ച് എണ്ണം വരെ വാങ്ങുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
**എം.ഷാഹുൽ ഹമീദ്,**
**അണ്ടർ സെക്രട്ടറി**

1. ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.

2. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
3. നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
4. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട്/സെക്രട്ടറിമാർക്കും.
5. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ട്/സെക്രട്ടറിമാർക്കും.(ഗ്രാമവികസന കമ്മീഷണർ മുഖേന
6. എല്ലാ ഗ്രാമ പഞ്ചായത്ത് പ്രസിഡണ്ട്/സെക്രട്ടറിമാർക്കും.(പഞ്ചായത്ത് ഡയറക്ടർ മുഖേന)
7. എല്ലാ മുനിസിപ്പൽ സെക്രട്ടറിമാർക്കും(നഗരകാര്യ ഡയറക്ടർ മുഖേന)
8. എല്ലാ കോർപ്പറേഷൻ സെക്രട്ടറിമാർക്കും(നഗരകാര്യ ഡയറക്ടർ മുഖേന)
9. ഡയറക്ടർ, ഐ.കെ.എം.
10. കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

(signature)

സെക്ഷൻ ഓഫീസർ